അനുവദിക്കുന്നുണ്ട്. അവർക്കു പർദ ഇല്ല. ഗോത്രാധിഷ്ഠാനത്തിൽ സംഘടിതരെങ്കിലും കർദ്ദുകൾ വിദ്യാഭ്യാസപരമായി നല്ല പുരോഗതി നേടിയിരിക്കുന്നു. നഗരനിവാസികളായ കർദ്ദുകൾ ആധുനിക—പാശ്ചാത്യ—പരിഷ്കാരവുമായി ഇണങ്ങിക്കഴിഞ്ഞിട്ടുണ്ടെങ്കിലും, മലകളിൽ പാർക്കുന്നവർ ഇന്നും പഴയ ഗോത്ര—ജീവിത സമ്പ്രദായം തുടർന്നുവരികയാണ്. തങ്ങളുടെ സമരപാരമ്പര്യത്തിലെന്നപോലെ സംസ്കാരത്തിലും കർദ്ദുകൾക്ക് അഭിമാനമുണ്ട്. സംഗീതവും നൃത്തവും അവരുടെ ഇടയിൽ വളരെ വികസിച്ചിട്ടുണ്ട്. കഥ പറയലാണ് കർദ്ദുകളുടെ മറ്റൊരു വിനോദം. സ്വന്തം ദേശീയ വീരന്മാരുടെ പരാക്രമങ്ങൾ വിവരിക്കുന്ന ഒട്ടധികം നാടോടിഗാനങ്ങൾ കർദ്ദുകളുടെ ഇടയിൽ പ്രചരിക്കുന്നുണ്ട്. ഗണ്യമായ വികാസം കർദ് സാഹിത്യത്തിന് അടുത്തകാലത്തു കൈവന്നിരിക്കുന്നു. 1890—ൽ ആണ് ആദ്യത്തെ കർദ് പത്രത്തിന്റെ പ്രസിദ്ധീകരണം ആരംഭിച്ചത്. പലതരം ആനുകാലികങ്ങൾ കർദ് ഭാഷയിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ചരിത്രം, മതം, രാഷ്ട്രതന്ത്രം മുതലായ വിഷയങ്ങളെ സംബന്ധിച്ചും ധാരാളം പുസ്തകങ്ങൾ കർദ് ഭാഷയിലുണ്ട്. എങ്കിലും കർദ്ദുകളുടെ ഏററവുമധികം പുഷ്ടി പ്രാപിച്ച സാഹിത്യരൂപം കവിതയാകുന്നു.

പടിഞ്ഞാറെ ജർമനിയിൽ പാർക്കുന്ന കർദ്ദുകൾ തലസ്ഥാനമായ ബോൺ നഗരത്തിൽ ഒരു 'കർദിഷ് ഇൻസ്റ്റിററ്യൂട്ട്' സ്ഥാപിച്ചിട്ടുണ്ട്. കർദ്ദുകളുടെ ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ പോഷണമാണ് ഈ ഇൻസ്റ്റിററ്യൂട്ടിന്റെ ലക്ഷ്യം. മൂന്നു വർഷമായി നടന്നുവരുന്ന ഈ ഇൻസ്റ്റിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ, കർദ് ഭാഷയിൽ ബൈബിളിന്റെ ഒരു വിവർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗോട്ടിൻഗെൻ യൂണിവേഴ്സിററിയുമായി സഹകരിച്ച് ഇവർ ജർമൻ ഭാഷയിൽ ഒരു കർദ് വ്യാകരണവും തയ്യാറാക്കിയിരിക്കുന്നു. കർദ്ദുകൾക്കിടയിൽ പ്രസിദ്ധരായ സിനിമാനിർമാതാക്കളുണ്ട്. കർദ്ദുകളെ ജർമൻകാർക്കും ജർമൻകാരെ കർദ്ദുകൾക്കും പരിചയപ്പെടുത്തുകയാണ് ബോൺ ഇൻസ്റ്റിററ്യൂട്ടിന്റെ ഒരു ലക്ഷ്യം. ഇത്തരമൊരു കർദിഷ് ഇൻസ്റ്റിററ്യൂട്ട് പാരീസിലും പ്രവർത്തിച്ചുവരുന്നുണ്ട്.

(21 മാർച്ച്, 1987)

# 14. മിസൈലുകൾ

യുദ്ധവാസന മനുഷ്യന് ജന്മസിദ്ധമാണ്. ശരിയായ യുദ്ധമില്ലാത്തപ്പോൾ മനുഷ്യന് കൃത്രിമയുദ്ധമെങ്കിലും കാണണം. യുദ്ധംചെയ്യുന്നത് ചില്ലുതൊട്ടിയിൽ അടച്ച ചെറിയ സയാമീസ് ഫൈററർ മത്സ്യങ്ങളായാലും, അങ്കക്കളത്തിൽ ഇറക്കപ്പെട്ട പൂവൻകോഴികളായാലും, ചന്തത്തെരുവിൽ നിന്ന് കുത്തുകൂടുന്ന അമ്പലക്കുററന്മാരായാലും, രസത്തോടെ നോക്കിനിൽക്കാൻ ആളുകൾ ധാരാളമുണ്ടാവും. മനുഷ്യന്റെ മിക്ക കളികളും കൃത്രിമയുദ്ധങ്ങളാണ്. ബോക്സിങ്, ഗുസ്തി, വാൾപ്പയററ് മുതലായ ഒട്ടുവളരെ കളികൾ നടക്കുന്നതാകട്ടെ കൃത്രിമയുദ്ധത്തിനും യഥാർത്ഥ യുദ്ധത്തിനും ഇടയ്ക്കുള്ള അതിർവരമ്പിന്മേലാകുന്നു.

മത്സ്യങ്ങളും പക്ഷികളും മൃഗങ്ങളും യുദ്ധംചെയ്യുന്നത് അവയുടെ ശരീരാവയവങ്ങളെ ആയുധങ്ങളാക്കിയാണ്. അടി, ഇടി, മാന്ത്, കടി, തൊഴി——അങ്ങനെ മനുഷ്യർ തമ്മിലുള്ള യുദ്ധത്തിലും ശരീരാവയ

വങ്ങളെ ആയുധങ്ങളാക്കി ഉപയോഗിക്കുന്ന പല ഇനങ്ങളുമുണ്ട്. എന്നാൽ, ശരീരാവയവങ്ങളുടെ പരിമിതശക്തി പോരാ ശരിയായ യുദ്ധത്തിനെന്നു് മനുഷ്യൻ വളരെ മുമ്പുതന്നെ മനസ്സിലാക്കി. പ്രകൃതിയിൽ നിന്നു് വടി, കല്ലു് എന്നിവ ആയുധങ്ങളായി സ്വീകരിച്ചപ്പോൾ, ശത്രുവിനെ ദ്രോഹിക്കുന്നതിനുള്ള മനുഷ്യന്റെ ശക്തി വളരെയധികം വർദ്ധിച്ചു. ഇവിടെവെച്ചു് മനുഷ്യചരിത്രം മൃഗചരിത്രത്തിന്റെ പാതവിട്ടു് സ്വന്തം പാതയിലൂടെ സഞ്ചരിക്കാൻ തുടങ്ങി എന്നു കരുതുന്നവരുണ്ടു്. അതായതു്, മനുഷ്യചരിത്രമെന്നാൽ മനുഷ്യന്റെ യുദ്ധങ്ങളുടെ ചരിത്രം, യുദ്ധങ്ങളിൽ മനുഷ്യൻ ഉപയോഗിക്കുന്ന ആയുധങ്ങളുടെ ചരിത്രം, ആണെന്നു് ചില ചരിത്രകാരന്മാരെങ്കിലും വിശ്വസിക്കുന്നു.

കല്ലെറിയാൻ കവണയും വടി (അമ്പു്) എറിയാൻ വില്ലും ഉപയോഗിച്ചപ്പോൾ മനുഷ്യൻ ഭൗതികശക്തികളെ ആയുധങ്ങളാക്കി മാററുകയായിരുന്നു. അയിരുകൾ ഉരുക്കി ലോഹങ്ങൾ ഉണ്ടാക്കാനും, ലോഹങ്ങൾ കൂട്ടിച്ചേർത്തു് കൂട്ടുലോഹങ്ങൾ ഉണ്ടാക്കാനും മനുഷ്യൻ പഠിച്ചതു് പ്രധാനമായും ആയുധനിർമാണത്തിനുവേണ്ടിയായിരുന്നു. വെടിമരുന്നു കണ്ടുപിടിച്ചതോടെ, രാസശക്തി മനുഷ്യന്റെ ആയുധശക്തിയെ പലമടങ്ങു വർദ്ധിപ്പിച്ചു. ഇരുളടഞ്ഞ അമേരിക്കൻ നഗരങ്ങളിൽ വിളക്കു കൊളുത്തുന്നതിനല്ല, ജനനിബിഡങ്ങളായ ജപ്പാനിലെ നഗരങ്ങൾ ചാമ്പലാക്കുവാനാണു് ആദ്യമായി അണുശക്തി ഉപയോഗിക്കപ്പെട്ടതു് എന്നു് എല്ലാവർക്കും അറിയാം.

മനുഷ്യചരിത്രത്തെ തപരിപ്പിക്കുന്ന പ്രതിഭാസങ്ങളിൽ മുഖ്യമാണു് യുദ്ധം. യുദ്ധത്തിനു് ഉപയോഗിക്കുന്ന ആയുധങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായ ഒരു മാററം വരുമ്പോൾ, മനുഷ്യചരിത്രത്തിന്റെ ഗതിയിലും അടിസ്ഥാനപരമായ ഒരു മാററം വന്നേ കഴിയൂ.

ഇക്കഴിഞ്ഞ അരനൂററാണ്ടിനകത്തു് ആയുധങ്ങളുടെ കാര്യത്തിൽ അടിസ്ഥാനപരമായ രണ്ടു മാററങ്ങൾ സംഭവിച്ചിട്ടുണ്ടു്. ഒന്നാമതു്, പരമാണുക്കൾ പിളരുമ്പോൾ നിർഗമിക്കുന്ന അപരിമിതമായ ശക്തി ആയുധമായി ഉപയോഗിക്കാമെന്നുവന്നു; രണ്ടാമതു്, ഏതായുധവും എത്ര ദൂരത്തിലുള്ള ലക്ഷ്യത്തിലും കൃത്യമായി എറിഞ്ഞുവീഴ്ത്താൻ വാണങ്ങളെ ഉപയോഗപ്പെടുത്താമെന്നുവന്നു.

'വാണയുദ്ധം' ഇപ്പോൾത്തന്നെ പരീക്ഷണദശകഴിഞ്ഞു പ്രായോഗികദശയിലെത്തിയിരിക്കുന്നു. ഇനിയൊരു മഹായുദ്ധമുണ്ടായാൽ, അതിൽ ഏററവുമധികം ഉപയോഗിക്കപ്പെടുക വാണ–ആയുധങ്ങൾ ആയിരിക്കും.

'മിസ്സൈലുകൾ' (എറിഞ്ഞുവീഴ്ത്തുന്ന ആയുധങ്ങൾ) എന്ന പേരിൽ അറിയപ്പെടുന്നതു് വാണ–ആയുധങ്ങളാണു്. ബാഷ്പരൂപത്തിലോ, ദ്രവരൂപത്തിലോ, ഖരരൂപത്തിലോ ഉള്ള ഇന്ധനം കത്തുമ്പോൾ വിസർജിക്കപ്പെടുന്ന ശക്തിയാണു് മിസ്സൈലുകളെ മുന്നോട്ടു നയിക്കുന്നതു്. ഭൂമിയുടെ ആകർഷണപരിധിവിട്ടു പ്രപഞ്ചത്തിന്റെ അനന്തവിസ്താരത്തിലേക്കു കുതിക്കുന്ന മിസ്സൈലുകൾ നിർമിക്കപ്പെട്ടിരിക്കേ, ഭൂമിയിൽ എത്ര ദൂരത്തും ഇവയ്ക്കു ചെന്നെത്താമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. ശബ്ദവേഗത്തിന്റെ പത്തിരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന മിസ്സൈലുകളെ 'ഹൈപ്പർ സോണിക്' എന്നു വിളിക്കുന്നു. എത്രയോ ടൺ ഭാരം വരുന്ന വെടിമരുന്നോ, അണുബോംബോ, രാസ (വിഷ)വസ്തുക്കളോ, മനുഷ്യരെത്തന്നെയോ, വഹിച്ചു ലക്ഷ്യത്തിലെത്തിക്കുവാൻ മിസ്സൈലുകൾക്കു് സാധിക്കും. കമ്പ്യൂട്ടർ ഘടിപ്പിച്ച മിസ്സൈലുകൾക്കു്, കാററുകൊണ്ടും മററും തങ്ങളുടെ ഗതിയിൽ വരാവുന്ന തെററുകൾ സ്വയം തിരുത്താനും മുൻകൂട്ടി നിശ്ചയിച്ച ലക്ഷ്യത്തെ തിരിച്ചറിഞ്ഞു്, അതിൽ

തെററാതെ ചെന്നുവീഴാനും കഴിവു കൈവന്നിട്ടുണ്ട്. നഗരങ്ങൾപോലെയുള്ള സ്ഥാവരലക്ഷ്യങ്ങളെ മാത്രമല്ല, കപ്പലുകൾ, വിമാനങ്ങൾ, മററു മിസ്സൈലുകൾ എന്നിവപോലെയുള്ള ചലിക്കുന്ന ലക്ഷ്യങ്ങളേയും തിരഞ്ഞുപിടിച്ചു നശിപ്പിക്കാനുള്ള പ്രത്യേകസിദ്ധി ഇവയ്ക്കു നൽകപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ അടിയിൽ നിലവറകളിലോ, ഭൂമിക്കു മുകളിൽ പ്രയോഗത്തറകളിലോ, (ലോഞ്ചിങ്പാഡ്), തീവണ്ടികൾ, ലോറികൾ മുതലായ വാഹനങ്ങളിലോ വെള്ളത്തിനടിയിൽ മുങ്ങിക്കപ്പലുകളിലോ, വെള്ളത്തിനു മുകളിൽ കപ്പലുകളിലോ, വായുവിൽ വിമാനങ്ങളിലോ, അന്തരീക്ഷത്തിൽ സ്പേസ്സ്റ്റേഷനുകളിലോ, തനതായ ഭ്രമണപഥങ്ങളിലോ ഇവയെ സ്ഥാപിക്കുകയും, ആവശ്യമുള്ളപ്പോൾ അകലെ നിന്നു് ഇവയെ ലക്ഷ്യങ്ങളിലേക്കു വിക്ഷേപിക്കുകയുംചെയ്യാം. അമേരിക്കയും സോവിയററ് യൂണിയനും യൂറോപ്പിലെ പ്രധാന വ്യാവസായിക രാഷ്ട്രങ്ങളും നിയന്ത്രിത മിസ്സൈലുകൾ നിർമിക്കുന്നതിൽ ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. ആയുധവ്യവസായത്തിലെ മുഖ്യമായ ഒരു ഭാഗം മിസ്സൈൽ വ്യവസായമാണു് എന്നു വന്നിരിക്കുന്നു. ഏറെ താമസിയാതെ, ഇന്ത്യപോലുള്ള ദരിദ്രരാജ്യങ്ങളിലും ഈ വ്യവസായം വളർന്നു വികസിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ലോകരാഷ്ട്രങ്ങൾക്കിടയിൽ മിസ്സൈൽപ്പന്തയം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഈ പന്തയത്തിനു ശക്തി ഏറലല്ലാതെ കുറയലില്ല.

ഇറാൻ—ഇറാക് യുദ്ധത്തിൽ പല തവണ മിസ്സൈലുകൾ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഈ രാജ്യങ്ങൾ മിസ്സൈലുകൾ ഉണ്ടാക്കുന്നില്ല; പാശ്ചാത്യരാജ്യങ്ങളിൽനിന്നു് അവ വിലയ്ക്കു വാങ്ങുകയാണു ചെയ്യുന്നതു്. സൈനികലക്ഷ്യങ്ങളിലല്ല, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങളിലാണു് ഇവ പ്രയോഗിക്കപ്പെടുന്നതു് എന്ന വസ്തുതയും ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു.

1986 മാർച്ചിൽ സിംഗപ്പൂരിൽ നടന്ന 'ഏഷ്യൻ എയ്റോ സ്പെയ്സ്—1986' എന്ന പ്രദർശനത്തിൽ ചൈനയിൽ നിർമിച്ച പലതരം മിസ്സൈലുകൾ പ്രദർശിപ്പിച്ചിരുന്നു. അമേരിക്ക പാകിസ്ഥാനു നല്കുന്ന വൻതോതിലുള്ള ആയുധസഹായത്തിൽ മിസ്സൈലുകളും ഉൾപ്പെട്ടിരിക്കണം. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒരു യുദ്ധം ഉണ്ടാകുന്നപക്ഷം, അമേരിക്കൻ മിസ്സൈലുകൾ, മുൻകൂട്ടി ഒരു വിവരവും തരാതെ, ഇന്ത്യയിലെ ഏതു നഗരത്തിലും എത്തിച്ചേർന്നു പൊട്ടിത്തെറിക്കാൻ ധാരാളം സാധ്യതയുണ്ട്.

റഷ്യൻ ഹെലികോപ്ടറുകളെ നിലംപതിപ്പിക്കാൻവേണ്ടി അഫ്ഘാനിസ്ഥാനിലെ കലാപകാരികളായ മുജാഹിദുകൾക്കു് അമേരിക്ക 'സ്റ്റിൻഗർ' എന്ന മിസ്സൈലുകൾ ഇപ്പോൾത്തന്നെ നൽകിവരുന്നുണ്ട്. ശബ്ദാധികവേഗമുള്ള സ്റ്റിൻഗർ മിസ്സൈലുകൾ മനുഷ്യരുടെ ചുമലുകളിൽ നിന്നു വിട്ടയയ്ക്കാവുന്നവയാകുന്നു. കാശ്മീരിന്റെ വടക്കുഭാഗത്തുള്ള സിയാച്ചെൻ മഞ്ഞുപാറയിൽവെച്ചു് ഒരു ഇന്ത്യൻ ഹെലികോപ്ടർ സ്റ്റിൻഗർ മിസ്സൈലപ്രയോഗിച്ചു് പാകിസ്ഥാനിസൈനികർ വീഴ്ത്തിയതായി ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. അതായതു്, മിസ്സൈൽയുദ്ധം ഇന്ത്യയ്ക്കു് അകത്തും എത്തിയിരിക്കുന്നു.

അന്തരീക്ഷത്തിലൂടെ ശബ്ദാധികവേഗത്തിൽ പാഞ്ഞുവരുന്ന മിസ്സൈലുകളെ ലേസർരശ്മിപുഞ്ജങ്ങളോ, മററു മിസ്സൈലുകളോ ഉപയോഗിച്ചു നശിപ്പിക്കാനുള്ള സങ്കേതവിദ്യ പാശ്ചാത്യരാജ്യങ്ങളിൽത്തന്നെ ഇനിയും വേണ്ടത്ര വികസിച്ചിട്ടില്ല.

സൗകര്യത്തിനുവേണ്ടി മിസ്സൈലുകളെ 'സ്ട്രാറററജിക്', ടാക്ററിക്കൽ, കൺവെൻഷണൽ എന്നു മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

അമേരിക്കയിൽനിന്നു് സോവിയററ് യൂണിയനിലേക്കും, മറിച്ചും ആയിരക്കണക്കിനു മൈൽ ദൂരേക്ക് അയയ്ക്കാവുന്ന അന്തർ ഭൂഖണ്ഡറോക്കററുകരം (ഐ. സി. ബി. എം.) ആണു് സ്ട്രാററജിക്ക് (തന്ത്രപരം) എന്ന വിഭാഗത്തിൽപെടുന്നതു്. മുപ്പതു മുതൽ നൂറു വരെ മൈൽ ദൂരേക്ക വിക്ഷേപിക്കാവുന്ന മിസ്സൈലുകരം 'ടാക്ററിക്കൽ' (അടവുപരം) എന്നു വിളിക്കപ്പെടുന്നു. ടാങ്കുകരം തകർക്കാനും മററും ഉപയോഗിക്കുന്നതും മൂവായിരം മീററോളം ദൂരേക്ക വിക്ഷേപിക്കാവുന്നതും ആയ ചെറുതരം മിസ്സൈലുകളാണു് 'കൺവെൻഷണൽ' (പാരമ്പര്യപരം). ഈ വിഭാഗം കണിശമായ ഒന്നല്ല. ഇവയിൽ അവസാനം, പറഞ്ഞതരം മിസ്സൈലുകരം ഏഷ്യയിലെ മിക്ക രാജ്യങ്ങളിലും ഇതിനകം ഉപയോഗത്തിൽ വന്നിട്ടുണ്ടു്. 'ടാക്ററിക്കൽ' ഇനത്തിൽപ്പെട്ട ഇടത്തരം മിസ്സൈലുകളുടെ നിർമാണത്തിലും പ്രയോഗത്തിലും വമ്പിച്ച വർദ്ധനയും പരസ്പര മാത്സര്യവും ദരിദ്രരാഷ്ട്രങ്ങരംക്കിടയിൽ അടുത്ത ഏതാനും വർഷങ്ങളിൽ പ്രതീക്ഷിക്കാവുന്നതാണു്.

മിസ്സൈൽ ഒരു വാഹനം മാത്രമാണു്; ആയുധമല്ല. മിസ്സൈലിന്റെ തലയിൽ ഘടിപ്പിച്ച ആയുധം ഏതെന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കും അതിന്റെ നാശശക്തി. 1986–ൽ ലിബിയയ്ക്കെതിരെ അമേരിക്ക നടത്തിയ വ്യോമാക്രമണത്തിൽ പ്രയോഗിച്ചതു് നാല്പതു മൈൽ ദൂരേക്ക വിക്ഷേപിക്കാവുന്ന ഹാം, ഹാർപൂൺ എന്നീത്തരം മിസ്സൈലുകരം ആയിരുന്നു. ലിബിയയിലെ മിസ്സൈൽ വിക്ഷേപകേന്ദ്രങ്ങളും റഡാറുകളും ഇവ തകർത്തു; ഗദ്ദാഫിയുടെ അഞ്ചൂറോളം യുദ്ധവിമാനങ്ങരംക്ക നിലം വിട്ടു് ഉയരാൻ കഴിയാത്ത നില ഉളവാക്കുകയും ചെയ്തു.

കേരളത്തിലെ പൊന്നാനിയിൽവെച്ചു് മൈസൂറിലെ ഹൈദരാലിയാണു് ആദ്യമായി യുദ്ധത്തിൽ വാണങ്ങരം പ്രയോഗിച്ചുതുടങ്ങിയതു് എന്നു പറയാറുണ്ടു്. രണ്ടാംമഹായുദ്ധത്തിൽ ജർമനി ലണ്ടൻനഗരത്തിൽ വി–1, വി–2 എന്ന രണ്ടുതരം മിസ്സൈലുകരം വിക്ഷേപിച്ചു. ഒരു ടൺ വെടിമരുന്നു വഹിച്ചു്, മണിക്കൂറിൽ നാനൂറു മൈൽ വേഗത്തിൽ നൂററുപത്തു മൈൽ ദൂരം സഞ്ചരിക്കാൻ ഈ മിസ്സൈലുകരംക്ക കഴിഞ്ഞിരുന്നു. ഇത്തരം അയ്യായിരത്തോളം മിസ്സൈലുകരം ജർമനി ലണ്ടനിൽ പ്രയോഗിച്ചതിന്റെ ഫലമായി രണ്ടായിരത്തിമുന്നൂറു കെട്ടിടങ്ങരം നശിക്കുകയും അയ്യായിരത്തഞ്ഞൂറിലേറെ ബ്രിട്ടീഷ് പൗരന്മാർ മരിക്കുകയുംചെയ്തു. ലണ്ടൻ നിവാസികളിൽ ജർമൻ മിസ്സൈലുകരം പരത്തിയ ഭീതി വർണനാതീതമായിരുന്നു. യുദ്ധാവസാനത്തിൽ സഖ്യശക്തികരംക്ക കീഴടങ്ങിയ ജർമൻ ശാസ്ത്രജ്ഞരിൽനിന്നാണു് അമേരിക്കയും സോവിയററ് റഷ്യയും മിസ്സൈൽ നിർമാണത്തിന്റെ സങ്കേതവിദ്യ വികസിപ്പിച്ചെടുത്തതു്. മിസ്സൈലുകരം നിശ്ചിതസ്ഥലത്തു വീഴ്ത്താനുള്ള കമ്പ്യൂട്ടർ–ഉപകരണങ്ങരം അന്നു കണ്ടുപിടിച്ചിരുന്നില്ല. ഇന്നു് ആ സങ്കേതവിദ്യ ഏതാണ്ടു പൂർണവളർച്ച നേടിയിരിക്കുന്നു.

മിസ്സൈൽ യുദ്ധത്തിൽ ആപൽസാധ്യത പട്ടാളക്കാർക്കും സാധാരണക്കാക്കും തുല്യമാണു്. ഒരുപക്ഷേ, പട്ടാളക്കാരേക്കാരം കൂടുതൽ മരിക്കുക യുദ്ധരംഗത്തുനിന്നു് അകലെയുള്ള നഗരങ്ങളിൽ പാർക്കുന്ന സാധാരണ ജനങ്ങളായിരിക്കും. ഏതു കാലാവസ്ഥയിലും പ്രയോഗിക്കാവുന്നവയാണു് മിസ്സൈലുകരം. അവയുടെ വരവു മുൻകൂട്ടി പ്രവചിക്കാനാവില്ല. വിമാനങ്ങരംക്ക പറന്നെത്താവുന്നതിൽ എത്രയോ അധികം ദൂരേക്ക് മിസ്സൈലുകരം വിക്ഷേപിക്കാൻ കഴിയും. അവ ഉണ്ടാക്കാനും, സൂക്ഷിക്കാനും, ഒരിടത്തുനിന്നു മറെറാരിടത്തേക്ക കൊണ്ടുപോകാനും എളുപ്പമാണു്. മിസ്സൈലുകരം ഉണ്ടാക്കാൻ ചെലവും താരതമ്യേന കുറവാണു്.

ഇപ്പോൾ അമേരിക്കയിൽ നിർമിച്ചുവരുന്ന അതിശീഘ്രമിസ്സൈലുകൾക്ക്, തുല്യ–നാശശക്തിയുള്ള പാരമ്പര്യ (കൺവെൻഷണൽ) ആയുധങ്ങളുടെ പത്തിലൊന്നു ചെലവേ വരികയുള്ളുവത്രേ.

ആക്രമണത്തിനായാലും പ്രതിരോധത്തിനായാലും, യുദ്ധംചെയ്യുന്നതോ, മിസൈൽ കൂടിയേ കഴിയൂ എന്ന നില ഇതിനകം ലോകത്തിലെ എല്ലാ രാജ്യങ്ങളിലും വന്നുകഴിഞ്ഞിട്ടുണ്ട്. വിമാനാക്രമണങ്ങളിൽനിന്നു ജനങ്ങളെ രക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും പരിശീലനപരിപാടികളും യുദ്ധകാലത്തു് ഇന്ത്യയിലും ഉണ്ടായിരുന്നുവല്ലോ. മിസ്സൈലുകളിൽനിന്നു ജീവൻ രക്ഷിക്കാനുള്ള മാർഗങ്ങൾ സാധാരണജനങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ഇനി അധികം വൈകിച്ചുകൂടെന്നു് യുദ്ധവിദഗ്ധർ പറഞ്ഞുതുടങ്ങിയിട്ടുണ്ട്.

# 15. സമാധാനത്തിലേക്ക് ഒരു ചെറിയ കാൽവെപ്പ്...

'മനുഷ്യവർഗത്തെ അണു–ആയുധ–ഭീഷണിയിൽനിന്നു് എന്നന്നേക്കുമായി മോചിപ്പിക്കുന്നതിലേക്കു നയിക്കാവുന്ന ഒരു കാൽവെപ്പ്'' എന്നു വിവരിക്കപ്പെട്ട ഒരു ഉടമ്പടിയിൽ അമേരിക്കൻ പ്രസിഡണ്ട് റോണാൾഡ് റേയ്ഗനും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി മിഖായിൽ ഗോർബച്ചേവും 1987 ഡിസംബർ 8–ാം തീയതി, വാഷിങ്ടണിൽ, അമേരിക്കൻ പ്രസിഡണ്ടിന്റെ ഔദ്യോഗിക വസതിയായ വൈററ്ഹൗസിൽ ഒപ്പുവച്ചു.

രണ്ടാം മഹായുദ്ധത്തിനുശേഷം ഇന്നോളമുള്ള കാലഘട്ടത്തെ അമേരിക്കൻ ചേരിയും സോവിയററ് ചേരിയും തമ്മിലുള്ള ആയുധപ്പന്തയത്തിന്റെ കാലഘട്ടമായി ഭാവിയിലെ ചരിത്രകാരന്മാർ വിവരിച്ചുകൂടായ്കയില്ല. കാർഷിക–വ്യാവസായികഉൽപാദനങ്ങളിൽ പുതിയ സങ്കേതരീതികൾ ഉപയോഗിക്കപ്പെട്ടതിന്റെ ഫലമായി ഈ കാലഘട്ടത്തിൽ മനുഷ്യന്റെ ഭൗതികസമ്പത്തു് പരമാവധി വർധിച്ചു. പക്ഷേ, ഈ രണ്ടുചേരികൾക്കിടയിൽ നിലനിന്ന ശത്രുതയും അവിശ്വാസവും നിമിത്തം, ഈ സമ്പത്തിൽ അധികവും വിനിയോഗിക്കപ്പെട്ടതു് ദരിദ്രരാജ്യങ്ങളിലെ ജനകോടികളുടെ ദാരിദ്ര്യവും പട്ടിണിയും രോഗങ്ങളും നിരക്ഷരതയും തൊഴിലില്ലായ്മയും അരക്ഷിതത്വവും പരിഹരിക്കുന്നതിനല്ല; ഒന്നിനൊന്നു കൂടുതൽ മാരകങ്ങളായ അണു–ആയുധങ്ങളും രാസ–ആയുധങ്ങളും രോഗാണു–ആയുധങ്ങളും, അവ ശത്രുരാജ്യത്തു വീഴ്ത്തുന്നതിനുള്ള റോക്കററുകളും വിമാനങ്ങളും മുങ്ങിക്കപ്പലുകളും പടക്കപ്പലുകളും, നിർമിച്ചു കുമ്പാരം കൂട്ടുന്നതിനാണ്. കരയിലും കടലിലും ആയുധങ്ങൾ നിറച്ചതു പോരാഞ്ഞിട്ട്, ഇപ്പോൾ ബാഹ്യാന്തരീക്ഷത്തെയും ആയുധക്കലവറയാക്കി മാററുന്നതിനുള്ള ഗവേഷണങ്ങൾക്കായി വൻതോതിൽ പണം ചെലവഴിക്കപ്പെട്ടുവരുന്നു. ഈ പശ്ചാത്തലത്തിനെതിരെവേണം നാം വാഷിങ്ടൺ ഉടമ്പടിയെ കാണാൻ.

ഹിററ്ലറുടെ ചവിട്ടടിയിൽ അമർന്നു കിടന്നിരുന്ന പടിഞ്ഞാറെ യൂറോപ്പിലെ രാജ്യങ്ങളിൽ, മഹായുദ്ധത്തിനുശേഷം, സ്വാഭാവികമായി ആയുധങ്ങളോ, സൈന്യങ്ങളോ ഇല്ലാതായി. ഈ ശൂന്യത നികത്തിയതു പ്രധാനമായും അമേരിക്കൻ–ബ്രിട്ടീഷ് ആയുധങ്ങളും സൈന്യങ്ങളുമാ